# ACADEMIC MASTER PLAN 2025-26

THS Aranattukara

UP, HS. സംസ്കൃതം

# വ്യക്തിഗത അക്കാദമിക മാസ്റ്റർ പ്ലാൻ.

സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി വിദ്യാലയത്തിൽ വിഷയാടിസ്ഥാനത്തിൽ അധ്യാപകർ തയ്യാറാക്കിയത്.

ഓരോ കുട്ടിയെയും ഒരു യൂണിറ്റായി പരിഗണിച്ചുകൊണ്ട് അവരുടെ സമഗ്രവികസനത്തിന് ഉതകുന്ന വിധത്തിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. വ്യക്തിഗത അക്കാദമിക മാസ്റ്റർപ്ലാനുകൾ കുട്ടികളുടെ സമഗ്രവികസനത്തിന് അത്യന്താപേക്ഷിതമാണ്.

## 2025-26 വർഷത്തിൽ സംസ്കൃതഭാഷാപഠനത്തിൽ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.

### പ്രതീക്ഷിത നേട്ടങ്ങൾ

സംസ്കൃതപഠനത്തിന് താത്പര്യം ജനിപ്പിക്കും.

അക്ഷരസ്ഫുടതയോടെ ശുദ്ധ വായന.

സുഭാഷിതാലാപന ചാതുരി.

വാക്യനിർമ്മാണ സാമർത്ഥ്യം.

സംസ്കൃതഭാഷാ സംസാരനൈപുണി.

| കേട്ടുപഠിക്കാൻ | പ്രവർത്തനങ്ങൾ |
|---|---|
| കേൾവി | സുഭാഷിതശ്രവണം |
| | വാർത്താശ്രവണം. |
| | സംഘമായിപാടുന്നു. |
| എഴുത്ത്. | പകർത്തിയെഴുത്ത്. |
| | കോപ്പിയെഴുതൽ. |
| | കാർഡുനിർമ്മാണ രീതി. |

വർണ്ണമാലചാർട്ട് നിർമ്മാണം
ശബ്ദകോശം ചിത്രപദകോശം
വാക്യരചന.

വായന. - ഭാഷാ ലാബ്.
പുസ്തകപരിചയം.
കഥാകഥനം.

അവതരണം :- സംഭാഷണം
ലഘുരൂപകാവതരണം.

ചിത്രീകരണം :- ലഘുനാടക ചിത്രീകരണം.

<u>നേട്ടങ്ങൾ</u>

1. കുട്ടിയുടെ സമഗ്രവികസനം ലക്ഷ്യമിടുന്നു.
2. ഓരോ കുട്ടിക്കും ആവശ്യമായ പഠനപിന്തുണ.
3. ഓരോ കുട്ടിയുടെയും കഴിവുകൾ തിരിച്ചറിയുന്നു.
4. പഠനപിന്തുണ തിരിച്ചറിയുന്നു.
5. സമഗ്ര പഠന പുരോഗതി വിലയിരുത്താൻ കഴിയുന്നു.
6. പഠന പരമായി കൂടുതൽ പിന്തുണ ആവശ്യമുള്ളവർക്കും ഉള്ളതുകൊണ്ട് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ചെയ്യാൻ കഴിവുള്ള കുട്ടികളുടെ കണ്ടെത്തി വേണ്ട പിന്തുണ നൽകുന്നു.
7. പഠനപ്രവർത്തനപുരോഗതി രേഖ കൈവശം സൂക്ഷിക്കുന്നു.

2025 · 2026.

# വാർഷികപ്ലാൻ (മാസ്റ്റർ പ്ലാൻ)

| മാസം | പ്രവർത്തനങ്ങൾ | പുരോഗതി. |
|---|---|---|
| ജൂൺ | അക്ഷരപാഠം.<br>വായന.<br>വായന മത്സരം.<br>മികവുകൾ കണ്ടെത്തൽ.<br>രചനാ മത്സരങ്ങൾ<br>പോസ്റ്റർ രചന. | |
| ജൂലൈ. | പദകോശം, നൂതനപദ നിർമ്മാണ നിഘണ്ടു.<br>പുതിയപാഠങ്ങൾ കണ്ടെത്തുന്നു.<br>വായനാ മൂല നിർമ്മാണം.<br>ദിനാചരണ Calender തയ്യാറാക്കുന്നു. | |
| ആഗസ്റ്റ് | ചിത്ര-പദകോശനിർമ്മാണം.<br>വാചകരചന.<br>ഭാഷാലാബ്<br>വായനാ മത്സരങ്ങൾ<br>അമ്മ വായന, കൈയെഴുത്ത് മത്സരം, ക്വിസ് മത്സരം<br>കർഷക ദിനാചരണം. | |
| സെപ്റ്റംബർ | വാക്യരചന, ചിത്രസംഭാഷണ<br>പദകോശനിർമ്മാണം<br>വിദ്യാലയം - ഒരുക്കം<br>ചിത്രരചന. | |

| ഒക്ടോബർ | പ്രവർത്തനങ്ങൾ |
|---|---|
| | ചിത്രീകരണം, പ്രദർശിനി<br>സ്ലൈഡ് നിർമ്മാണം, റോഡ്<br>മേക്കിങ് ഗെയിം, മാഗസിൻ നിർമ്മാണം<br>ക്വിസ് മത്സരങ്ങൾ, മത്സരപരീക്ഷകൾ |
| നവംബർ | നാടകക്കളരി. |
| ഡിസംബർ | ഹസ്തലിഖിത മാസികാ നിർമ്മാണം<br>സംസ്കൃതം. |
| ജനുവരി | സംഭാഷണ കക്ഷ്യാ<br>പഠന യാത്രകൾ |
| ഫെബ്രുവരി | സെമിനാറുകൾ<br>എല്ലാ പ്രവർത്തനങ്ങളുടെയും<br>വിലയിരുത്തൽ, മികവുകളുടെ<br>അവതരണം. |
| മാർച്ച് | റിവിഷൻ<br>പരീക്ഷകൾ |

2025-26 മലയാളം

വാർഷിക പ്ലാൻ UP, HS

| മാസം | പ്രവർത്തനങ്ങൾ | ചിത്രങ്ങൾ |
|---|---|---|
| ജൂൺ | അക്ഷരഗാനം | |
| | വായന | |
| | വായന മത്സരം | |
| | പോസ്റ്റർ രചന | |
| | ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | |
| | രചനാമത്സരം | |
| | ക്വിസ് മത്സരം | |
| | അമ്മവായന | |
| ജൂലൈ | പതിപ്പ് തയ്യാറാക്കൽ | |
| | വായനക്കുറിപ്പ് | |
| | നിരീക്ഷണക്കുറിപ്പ് | |
| | ആത്മകഥ | |
| | പദച്ചേടന | |
| | വായനമൂല | |
| ആഗസ്റ്റ് | പത്രവാർത്ത | |
| | നിവേദനം | |
| | ക്വിസ് മത്സരം | |
| | കർഷകദിനാചരണം | |
| സെപ്റ്റംബർ | നിഘണ്ടു തയ്യാറാക്കൽ | |
| | സർവേഫോറം | |

| | |
|---|---|
| | കാവ്യരചന |
| | വിശകലനങ്ങളിലൂട് |
| | കത്ത് തയ്യാറാക്കൽ |
| ഒക്ടോബർ | ശൈലി നിഘണ്ടു |
| | അനിർദേശകങ്ങളിലൂട് |
| | പഠനയാത്ര |
| നവംബർ | ഉച്ചരിവാക്യനിർമ്മിതികൾ |
| | ഡിജിറ്റൽ ജീവചരിത്ര-ങ്ങളിലൂട് |
| | റീൽസ് പരിചയപ്പെടൽ |
| ഡിസംബർ | ഫോക്കസിൽ പരിശീലനം |
| | ഡിജിറ്റൽ സ്ലൈഡ് |
| ജനുവരി | കാർഷിക പാഠകോശം |
| | സ്ലൈഡ് നിർമ്മാണം |
| ഫെബ്രുവരി | അസൈൻമെന്റ് |
| | ഇവയെല്ലാം പ്രവർത്തന |
| | ങ്ങളെയും വിലയിരുത്തൽ |
| | വിദ്യാർത്ഥികളുടെ അവതരണം |
| മാർച്ച് | വിവിധയിനം |
| | പരീക്ഷകൾ |

# Academic Master Plan - English [UP + HS]

| Aim | Activities | Time period | in charge | Evaluation |
|---|---|---|---|---|
| 1. Enable them to communicate confidently in English | Spoken english class<br>English library<br>English corner story<br>English cartoon<br>English Assembly | Vacation/ saturdays | PTA, Teachers | PTA |
| 2. Prepare children For independent reading and writing | Role play, English day celebration, School english voice, public speaking, simple games, Newspaper reading in assembly, Diary writing, word gallary, News making, story writing | classroom activities, Assembly, Classperiod | English Teachers | English club |

| | | | | |
|---|---|---|---|---|
| 3. Enable children to express themselves in English | Seminar, project presentation, debates in classgroups, protile-script writing, cinema - Documentary [watching], English drama in class | classroom activities, Saturdays | English Teacher, | English club |
| 4. Enable children to write and sing poetry | Magazine preparation, Book reviews. | Saturdays | English teacher | club |
| 5. Boosts Confidence in the English language | Role play, self introduction, speech, english recitation drama presentation, running dictation, reading competions etc | classroom activities | english teacher | English teachers |
| 6. Enable students to write english with out mistakes | chart preparation, poster, Notice making, conversation writing and (acting) Signboards, class magazine, mini dictionary, puzzles, sudoku etc | Classroom activities | english teacher | english teachers. |

# UP, HS. ഹിന്ദി

## ലക്ഷ്യം.

1) രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു.

2) മാതൃഭാഷയെപോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തി നേടുന്നു.

3 വാർത്തകൾ വിവർത്തനങ്ങൾ ജേർണലിസ്റ്റുകൾ, ഇടങ്ങിയ ജോലി സാധ്യതയുമായി കുട്ടികളെ പ്രാപ്തരാക്കുന്നു.

4 TV, News, പ്രതിദിന Radio news ഇവ കേൾക്കാൻ പ്രേരിപ്പിക്കുന്നു.

5.

## പ്രവർത്തനങ്ങൾ

കഥ, വായന, കവിത വായനഎന്നിവയ്ക്ക് അവസരം നൽകുന്നു.

പാഠഭാഗവുമായിബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു.

ഹിന്ദി തിയേറ്ററുകൾ സജ്ജീകരിക്കുന്നു.

ഹിന്ദിമാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു.

പ്രശസ്ത ജേർണലിസ്റ്റുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു.

ഓരോ കുട്ടിക്കും ഹിന്ദി ഭാഷ സംസാരിക്കാനുള്ള അവസരം നൽകുന്നു.

ഓരോ കുട്ടിയെയും ഒരു യൂണിറ്റായി പരിഗണിച്ചു കൊണ്ട് വ്യക്തിഗത അക്കാദമിക പ്രവർത്തന ആസൂത്രണം തയ്യാറാക്കുന്നു.

വായനക്കും, എഴുത്തിനും അനുയോജ്യമായ അക്കാദമിക പ്രശ്നങ്ങളെ കൃത്യമായി തിരിച്ചറിഞ്ഞ് പരിഹരിക്കുവാൻ സഹായിക്കുന്നു.

കൃത്യമായ ആസൂത്രണം ക്ലാസ്സ് റൂമിൽ കൃത്യമായ ആസൂത്രണത്തോടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ സഹായിക്കുന്നു.

## വലിയ മാറ്റം

രാഷ്ട്ര ഭാഷയായ ഹിന്ദിയിൽ കുട്ടികളുടെ പ്രാവീണ്യം ഉറപ്പിക്കാൻ ലക്ഷ്യമിട്ട പരിപാടിയിൽ എല്ലാത്തരം അദ്ധ്യാപകരും ഭാഗമാകും.

ഓരോ കുട്ടിക്കും, പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള പരിപാടികൾ, പ്രവർത്തനങ്ങൾ ഇവ കൃത്യമായി തന്നെ നടത്താനുള്ള ക്രമീകരണങ്ങൾ തയ്യാറാക്കും.

അക്കാദമിക മാസ്റ്റർപ്ലാൻ

സാമൂഹ്യശാസ്ത്രം

1. June

- സോഷ്യൽ സയൻസ് ക്ലബ് രൂപീകരണം
- ഇന്ത്യയിൽ നടന്ന ബ്രിട്ടീഷ് കലാപങ്ങളെ അടിസ്ഥാനമാക്കി തിരക്കഥ തയ്യാറാക്കി സ്കിറ്റ് അവതരിപ്പിക്കൽ
- ചിത്രപ്രദർശനം · പഴശ്ശിരാജ.
- ഗാമ വന്ന വഴികൾ - ദൃശ്യാവിഷ്കാരം
- പോർച്ചുഗീസ് മലബാറിലെത്തിയ കാലഘട്ടത്തിലെ നാണയ ശേഖരങ്ങളുടെ പ്രദർശനം
- ശിലായുഗ അവശിഷ്ടങ്ങളുടെ ചിത്രപ്രദർശനം
- വിവിധതരം ശിലകളുടെ ചിത്രങ്ങളും വർഗ്ഗീകരണങ്ങൾ, ചലനികളുടെ ചിത്രങ്ങളും ഉൾപ്പെടുന്ന ഡിജിറ്റൽ മാഗസിൻ നിർമ്മാണം.
- മഴമാപിനി ഉപയോഗിച്ച് ദിവസവും ലഭിക്കുന്ന മഴ അളക്കുക.

July

- ഇന്ത്യയിലെ വിവിധ സാമൂഹ്യപരിഷ്കർത്താക്കൾ ഉൾപ്പെടുന്ന ഡിജിറ്റൽ മാഗസിൻ
- ലോകജനസംഖ്യാദിനം
- ഉത്തരപർവ്വതമേഖലയിലെ സുഖവാസകേന്ദ്രങ്ങളുടെ ചിത്രപ്രദർശനം
- നവോത്ഥാന കാലഘട്ടത്തിലെ നേട്ടങ്ങൾ ഉൾക്കൊള്ളുന്ന ഡിജിറ്റൽ മാഗസിൻ
- My own Atlas ൽ മഹാനഗരങ്ങളുടെ സ്ഥാനം കണ്ടെത്തുക
- വിവിധ സ്ഥിതികളുടെ working model
- ഫ്രഞ്ച് വിപ്ലവത്തിലെ പ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി ഡിജിറ്റൽ പ്രസന്റേഷൻ തയ്യാറാക്കുന്നു.

## August

- പുരാതനകാലഘട്ടത്തെക്കുറിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുക.

വിവിധകാലാവസ്ഥ മേഖലകളെ അടിസ്ഥാനമാക്കി കാലാവസ്ഥ ഉച്ചകോടി സംഘടിപ്പിക്കുക.

- വിവിധ കാലാവസ്ഥാമേഖലയിലെ ജനജീവിതം കാണിക്കുന്ന ഡോക്യുമെന്ററി തയ്യാറാക്കുന്നു.
- സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട ക്വിസ്, പ്രസംഗമത്സരം എന്നിവ സംഘടിപ്പിക്കുന്നു.
- ആരോഗ്യകരമായ സാമൂഹ്യജീവിതത്തിന് സഹകരണ സങ്കല്പത്തിന്റെ ആവശ്യകത എന്നീ വിഷയത്തിൽ ഉപന്യാസരചന സംഘടിപ്പിക്കുന്നു.

## September

- അങ്കിൾ ടോംസ് ക്യാബിൻ എന്ന ചലച്ചിത്രം പ്രദർശിപ്പിക്കുകയും ആസ്വാദനക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുക.

മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ

പാർലമെന്റ് നടപടിക്രമങ്ങൾ വീഡിയോ പ്രദർശനം

## October

ഗാന്ധി സിനിമ പ്രദർശനം.

ഗാന്ധി ക്വിസ്, പ്രസംഗമത്സരം

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ വെബ്സൈറ്റ് സന്ദർശിച്ച് വിവിധ പ്രസിദ്ധീകരണങ്ങളെക്കുറിച്ച് ഒരു ക്ലാസ് പതിപ്പ് തയ്യാറാക്കുക.

## ഭൗതികശാസ്ത്രം, ശാസ്ത്രജ്ഞർ.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ജീവിതസാഹചര്യങ്ങളിൽ ശാസ്ത്രത്തിന് വലിയ പങ്കുണ്ട്. സമൂഹത്തെ മുന്നോട്ട് നയിക്കാൻ ശാസ്ത്രപുരോഗതിക്കൂടിയേ കഴിയൂ. വ്യക്തിത്വവികസനത്തിലൂടെ ശാസ്ത്രപുരോഗതിയാണ് നാം ലക്ഷ്യമിടുന്നത്. വികസനോന്മുഖമായ സാമൂഹ്യപുരോഗതിക്ക് മുതൽ മുറക്ക് ശാസ്ത്രഅധ്യയനം കാലോചിതമായി നടക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. സംസ്ഥാനത്ത് നടപ്പിലാക്കിയ "പൊതുവിദ്യാഭ്യാസ പദ്ധതി" ആധുനിക കാലഘട്ടത്തിന് ഏറെ പ്രയോജനകരമാണ്. വർദ്ധിച്ചുവരുന്ന ജനസംഖ്യയും "ഊർജ്ജപ്രതിസന്ധിയും" പുതുതലമുറയ്ക്ക് അജ്ഞാതമാകുന്ന അവസ്ഥയാണ് ഇന്നുള്ളത്. പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കുകയും സൗരോർജ്ജത്തെ പരമാവധി പ്രയോജനപ്പെടുത്തുകയും, പ്രകൃതിദത്തമായ ഊർജ്ജഉറവിടങ്ങളിൽ നിന്ന് പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്താൽ ഊർജ്ജപ്രതിസന്ധി കുറയ്ക്കാൻ സാധിക്കും.

ഇങ്ങനെ നിത്യജീവിതത്തിൽ ആവശ്യമായ ശാസ്ത്രസംബന്ധിയായ വിവിധയങ്ങളെ നല്ലരീതിയിൽ എത്തിക്കാൻ ഭൗതികശാസ്ത്രവും ശാസ്ത്രജ്ഞരും ഏറെ സഹായകമാവുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം |
|---|---|---|
| അത്ഭുത കണ്ണിലൂടെ, ജിജ്ഞാസ നിരീക്ഷണപാടവം എന്നിവ വർദ്ധിപ്പിക്കുന്നു. | പലപരീക്ഷണങ്ങൾ കാണിച്ചുകൊടുക്കുന്നു. മോഡലുകൾ മറ്റും ഉണ്ടാക്കാനായി പരിശീലനം നൽകുന്നു. | 2025-2026 അധ്യയനവർഷം |
| 2 ശാസ്ത്രലോകത്തോട് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ചവിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | പാഠങ്ങളുമായി ബന്ധപ്പെട്ടവസ്തുക്കൾ ശേഖരണം. ക്ലാസ്സുകളിൽ പല പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് പൊതുവേദികളിൽ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | " |
| 3 മാനവികതയിൽ ഊന്നിയ ശാസ്ത്രബോധം വളർത്തുക. | ശാസ്ത്രമേളകൾ നടത്തുന്നു. | " |
| 4 അന്വേഷണത്വര വർദ്ധിപ്പിക്കുക. | ക്ലാസ്സ് മുറികളിൽ ശാസ്ത്രലൈബ്രറി, ശാസ്ത്രമാസികകൾ എന്നിവ വായിക്കാൻ അവസരം നൽകുന്നു. സയൻസ് ലാബ് ഐ.ടി ലാബ് എന്നിവ പരമാവധി പ്രയോജനപ്പെടുത്തുന്നു. | " <br> ചുമതല: സയൻസ് അധ്യാപകർ സയൻസ് ക്ലബ്ബ്. |

# ജീവശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| 1) പരിസ്ഥിതി സൗഹാർദ്ദം വളർത്തുക. | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കുക. പച്ചക്കറി തോട്ട നിർമ്മാണം. |
| 2) വൈജ്ഞാനിക പരിസ്ഫുരണം അന്വേഷണത്വര വർദ്ധിപ്പിക്കുക. നേരറിവ് നേടുക. | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത വിദ്യാലയപരിസരം. പുതുപുത്തൻ സാങ്കേതിക വിദ്യയും, പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. വിവിധ ക്വിസ്, സെമിനാറുകൾ Projects, എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. ശാസ്ത്രകാരന്മാരുമായി സംവദിക്കാൻ അവസരം കിട്ടുന്നു. ഉണ്ടാകുന്നു. |
| 3 പ്രകൃതിയുമായി ഇടചേർന്ന് ജീവിക്കാൻ പഠിപ്പിക്കുക. | നല്ല പൂന്തോട്ട നിർമ്മാണം, അതുവഴി ചിത്രശലഭങ്ങളെ ആകർഷിപ്പിക്കാൻ അവസരം ഉണ്ടാക്കുക. ചെടികൾ പരിപാലിക്കാൻ പരിശീലിപ്പിക്കുക. കന്നുകാലിവളർത്തൽ, ജൈവ കൃഷിരീതി എന്നിവ ശീലമാക്കുക. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| തിരക്കേറിവരുന്ന ജീവിതസാഹചര്യ<br>4) ഭൂമിയിൽ മണ്ണിനെയും മനുഷ്യനെയും, ജലത്തെയും വായുവിനെയും സംരക്ഷിക്കാനും, നാളെയുടെ വാഗ്ദാനങ്ങളാക്കി മാറ്റാനും, ഉതകുന്ന രീതിയിൽ ജീവശാസ്ത്ര പഠനം സാധ്യമാക്കുക. | പരിസ്ഥിതി പ്രവർത്തകരുടെ ക്ലാസ്സ്, ഹരിത കർമ്മസേനയെ ആദരിക്കൽ, Project മുതലായവ |
| 5) ജൈവ ഉദ്യാനം set ചെയ്യുക, ഔഷധ തോട്ടം നിർമിക്കുക. പരിസ്ഥിതി സംബന്ധിയായ യാത്രകൾ സംഘടിപ്പിക്കുക. മണ്ണിനെ അറിയുക. നമുക്കുചുറ്റുമുള്ള ജീവജാലങ്ങളെയും പക്ഷികളെയും സംരക്ഷിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുക. | ശാസ്ത്രപഥം YIP പോലുള്ള ആശയങ്ങൾ കണ്ടെത്തുക. കുട്ടികളെ പങ്കാളികളാക്കുക. |

Downloaded from: https://textbooksall.blogspot.com/

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

Downloaded from: https://textbooksall.blogspot.com/

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

UP MATHS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാനഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | <u>ഗണിത ശിൽപ്പശാല</u><br>കളികളിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ മാസം | ഗണിത അധ്യാപകർ | |
| രസകരമായ ഗണിതാന്തരീക്ഷം, പഠനവും കരചലനശേഷികളുടെ വികാസവും | വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷത ചിട്ടപ്പെടുത്തൽ പ്രോജക്ട് സംഘടിപ്പിക്കൽ | ഒരു പ്രാവശ്യം | ഗണിത ശാസ്ത്ര അധ്യാപകർ | |
| ആധുനികതയ്ക്കൊത്ത സാങ്കേതിക വിദ്യാസാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | <u>ഐ.ടി സാധ്യതകളിലൂടെ</u><br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | <u>ഗണിത ക്ലിനിക്ക്</u><br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകർ, സമർത്ഥരായ കുട്ടികളും | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | <u>ദിനാചരണം</u><br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ ആസൂത്രണം ചെയ്യപ്പെടുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |
| | | | | |

# UP സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശങ്ങൾ |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിലെ അടിസ്ഥാന തല അറിവുകൾ ആശയങ്ങൾ ഇവ പരിപോഷിക്കൽ നേടിയെടുക്കൽ | അക്ഷരത്തൈ - കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രകൃതി താണ്ഡവം : നേർക്കാഴ്ച<br>പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിൽ എത്തിക്കുന്നു. | പുതുചക്രവാളത്തിലേക്ക്<br>സിവിൽ സർവ്വീസ് പരീക്ഷകളെ ഉൾപ്പെടുത്തി പ്രാപ്തി നേടും വിധമുള്ള ചോദ്യോത്തര ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സുകൾ |
|---|---|---|---|---|
| വിവിധശേഷികളുടെ വികസനം | <u>ദിനാചരണം</u><br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG-യിൽ രൂപപ്പെടുത്തുന്നു. നിശ്ചിതദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |
| സഹജീവികളോട് സഹാനുഭൂതി വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | <u>നമ്മുടെ ചുറ്റുവട്ടം</u><br>പ്രകൃതി ദുരന്തങ്ങൾക്ക് ഇരയായ വ്യക്തികളെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമികവർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA |

# UP സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവവൈവിധ്യ പാർക്ക്<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ് | പി.ടി.എ |
| ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക. | എക്സ്പ്ലോ - എക്സ്പ്ലോർ<br>സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br>· കുട്ടികളിൽ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം<br>അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ് | സയൻസ് ക്ലബ് |
| വിവിധശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ചുവരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ ആസൂത്രണം ചെയ്യുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |